**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737 | 28.02.2017-ൽ മറുപടിക്ക്

**<u>നോട്ട് പിൻവലിക്കൽ നയവും ടൂറിസം വ്യവസായവും</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| എ) | കേന്ദ്രസർക്കാരിന്റെ നോട്ട് പിൻവലിക്കൽ നയം ടൂറിസം വ്യവസായത്തെ ബാധിച്ചിട്ടുണ്ടോ; | എ) | ബാധിച്ചിട്ടുണ്ട്. |
| ബി) | എങ്കിൽ കഴിഞ്ഞ വർഷത്തെക്കാൾ എത്ര ശതമാനം കുറവാണ് വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ ഉണ്ടായതെന്ന് വിശദമാക്കുമോ? | ബി) | മുൻ വർഷത്തേക്കാൾ വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. എന്നാൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചില്ല. വിദേശ-ആഭ്യന്തര വിനോദ സഞ്ചാരികളുടെ വളർച്ചാ നിരക്ക് യഥാക്രമം 6.23% ഉം 5.67% ഉം ആണ് കണക്കാക്കിയിട്ടുളളത്. ഇത് മുൻ വർഷം യഥാക്രമം 6.59% ഉം 5.86% ഉം ആയിരുന്നു. ആകെ വിനോദ സഞ്ചാരികളുടെ വരവിന്റെ വളർച്ചാ നിരക്കിലും കുറവ് സംഭവിച്ചിട്ടുണ്ട്. ആയത് 2015 ൽ 6.53% ആയിരുന്നത് 2016 ൽ 5.71 % ആയി കുറഞ്ഞു. |

സെക്ഷൻ ഓഫീസർ.